എമ്മാവൂസ്

# വചനദൂത്



## സ്നേഹം വിശ്വാസത്തിന്റെ ആദ്യപടി

ഏലിയാ സ്ലീവ മൂശക്കാലം നാലാം ഞായർ മത്താ 15:21–28

Vol.15 / Issue - 15 / 01 Oct 2017



ബ്രദർ ബാസ്റ്റിൻ പുല്ലൻതാനിക്കൽ

ക്രിസ്തുവിന്റെ സുവിശേഷം സ്നേഹത്തിന്റെ സുവിശേഷമാണ്. സ്നേഹത്തിന്റെ വിവിധ ഭാവങ്ങളെ സ്പർശിച്ചുകൊണ്ടാണ് സുവിശേഷം മുന്നോട്ടുപോകുന്നത്. ദൈവത്തിന് മനുഷ്യരോടുള്ള സ്നേഹത്തിന്റെ മൂർത്തരൂപമാണ് മനുഷ്യനായി അവതരിച്ച മിശിഹാ.

സുവിശേഷം നമുക്ക് വെളിപ്പെടുത്തുന്ന വ്യക്തികളിൽ സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും തലങ്ങൾ ഒന്നിച്ചുചേരുന്ന അപൂർവ്വം ചില വ്യക്തികളിൽ ഒരാളാണ് കാനാൻകാരി സ്ത്രീ. രോഗാവസ്ഥയിലായ മകൾക്കുവേണ്ടിയുള്ള അവളുടെ നിരന്തരമായ അപേക്ഷ ഈശോ സ്വീകരിക്കുന്നതാണ് ഇന്നത്തെ വചനഭാഗത്തിന്റെ പ്രമേയം. മാനുഷികമായ സ്നേഹം ദൈവീകമായ വിശ്വാസത്തെ കണ്ടുമുട്ടുമ്പോൾ സൗഖ്യം സാദ്ധ്യമാക്കുന്നു. സ്നേഹത്തിൽ വേരൂന്നിയ വിശ്വാസം ജീവിതങ്ങളെ മാറ്റിമറിയ്ക്കുന്നത് ഇപ്രകാരമാണ്. സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും ആഴപ്പെടലിന്റെ ആവശ്യകത വ്യക്തമാക്കുന്നു ഇന്നത്തെ വചനഭാഗം.

തിരുസഭ ഇന്ന് വി. കൊച്ചുത്രേസ്യയുടെ നാമഹേതുകതിരുനാൾ ആഘോഷിക്കുകയാണ്. സ്നേഹത്തിന്റെ കുറുക്കുവഴികളിലൂടെ വിശ്വാസത്തിന്റെയും വിശുദ്ധിയുടെയും വലിയ പടവുകൾ കീഴടക്കിയ വിശുദ്ധയാണവൾ. കാനാൻകാരി സ്ത്രീയുടെ നിരന്തരമായ അർത്ഥനകൾ പോലെ, സ്നേഹത്തിന്റെ കൊച്ചുകൊച്ചു പ്രവർത്തികളെ നിരന്തരമായി അഭ്യസിച്ച്, അവൾ ദൈവത്തിന്റെ ഹൃദയത്തിൽ ഇടം പിടിച്ച്, മറ്റുള്ളവർക്കായി ദൈവ

ത്തിൽ നിന്ന് അനുഗ്രഹങ്ങൾ മേടിച്ചു നൽകുന്നവളായി പ്രശോഭിക്കുന്നു. 'സ്വർഗ്ഗരാജ്യം ബലവാന്മാർ പിടിച്ചടക്കുന്നു' എന്ന വചനം ഇവർ രണ്ടു പേരുടെയും ജീവിതത്തോട് ചേർത്ത് വായിക്കേണ്ടതാണ്.

മക്കൾക്ക് മാത്രം അവകാശപ്പെട്ട അപ്പം കാനാൻകാരിക്കു നൽകുകവഴി, രക്ഷ ഏവർക്കുമുള്ളതാണ് എന്ന പ്രഖ്യാപനമാണ് ക്രിസ്തു നൽകുക. വാഗ്ദാനത്തിന്റെയും തിരഞ്ഞെടുപ്പിന്റെയും പുത്രന്മാരായ ഇസ്രായേൽജനത്തിനു പകരം സർവ്വജനതകളിലേക്കും രക്ഷയുടെ കരം നീളുന്നത് നമ്മളിവിടെ കാണുന്നു. "നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുക" എന്നും "ഈ തൊഴുത്തിൽപെടാത്ത അനേകം ആടുകൾ എനിക്കുണ്ടെന്നും" പറയുമ്പോൾ, ക്രിസ്തു ഇസ്രയേൽ ജനത്തിലെ നഷ്ടപ്പെട്ട ആടുകളോടൊപ്പം നമ്മളെയും തേടുന്നു എന്ന് മനസ്സിലാക്കണം. ക്രിസ്തുവിന്റെ പ്രേഷിത ആഹ്വാനമാണിത്. സർവ്വജനപദങ്ങളിലേക്കും സുവിശേഷം എത്തിക്കുവാനുള്ള ക്രിസ്തുവിന്റെ ആഹ്വാനത്തിനുനേരെ കണ്ണടയ്ക്കുവാൻ ആർക്കും സാധിക്കില്ല.

വിജാതീയർക്കു കൂടിയുള്ള രക്ഷ ക്രിസ്തു പ്രഖ്യാപിക്കുമ്പോൾ അത് സാദ്ധ്യമാക്കാനുള്ള ഉത്തരവാദിത്വം ഏവർക്കുമുണ്ട്. വിദൂരത്തിലായിരിക്കുന്ന കേവലം കുറച്ച് വൈദികർക്കും സന്യസ്തർക്കും മാത്രമുള്ളതല്ല ഈ ആഹ്വാനം. എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു എന്നും സുവിശേഷം പ്രഘോഷിക്കുക എന്നത് എല്ലാവരുടെയും ഉത്തരവാദിത്വമാണെന്നും തിരുസഭ രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളിൽ കൂടി പഠിപ്പിക്കുമ്പോൾ, ആ ആഹ്വാനം എല്ലാവരും ജീവിതത്തിൽ സ്വീകരിക്കേണ്ടിയിരിക്കുന്നു. സന്യസ്തരും പുരോഹിതരുമായവരോടൊപ്പം ദൈവരാജ്യം സ്ഥാപിതമാക്കാൻ എല്ലാ ക്രൈസ്തവ സഹോദരങ്ങളും മുന്നിട്ടിറങ്ങേണ്ടിയിരിക്കുന്നു. വിജാതിയരോടുകൂടി അപ്പം പങ്കിട്ട ക്രിസ്തു സുവിശേഷ പ്രഘോഷണത്തിന്റെ ആവശ്യകത എടുത്തുപറയുമ്പോൾ അതിനുള്ള ഉദാത്തമായ മാർഗ്ഗം നമ്മുടെ ജീവിതങ്ങൾ തന്നെയാണ്. നാം ആയിരിക്കുന്ന സാഹചര്യങ്ങളിൽ സുവിശേഷമാകുക എന്നതാണ് സുവിശേഷം പ്രസംഗിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം. ഒരു പക്ഷെ വചനം പ്രഘോഷിക്കാനുള്ള സാദ്ധ്യത അസാദ്ധ്യമായിരിക്കും. പക്ഷെ സുവിശേഷം ജീവിക്കുവാൻ - സുവിശേഷത്തിന്റെ ആനന്ദം മറ്റുള്ളവർക്കുമുമ്പിൽ പ്രകാശിപ്പിക്കാൻ നമുക്ക് കഴിയും.

ക്രിസ്തുവിനെപ്പോലെ സ്നേഹത്തിന്റെ മുമ്പിൽ തോറ്റുകൊടുക്കുവാൻ, നമ്മോട് ആവശ്യപ്പെടുന്ന കർത്തവ്യങ്ങൾ മടി കൂടാതെ നിർവ്വഹിക്കുവാൻ, കാനാൻകാരി സ്ത്രീയെപ്പോലെ വിശ്വാസത്തിൽ ചഞ്ചലചിത്തരാവാതെ ഉറച്ചുനിൽക്കുവാൻ, വിശുദ്ധ കൊച്ചുത്രേസ്യയെപ്പോലെ സ്നേഹത്തിന്റെ നിരന്തരമായ പ്രവർത്തികളിലൂടെ വിശ്വാസത്തെ കണ്ടുമുട്ടുവാൻ, ആ വിശ്വാസത്തിന്റെ ആനന്ദം ജീവിതത്തിലൂടെ ഏവർക്കും പകർന്നുകൊടുക്കുവാൻ സർവ്വശക്തനായ ദൈവം നമ്മെ ശക്തരാക്കട്ടെ. ◆

